## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2858** 20/12/2012 ൽ മറുപടിക്ക്

## സ്കൂൾ പോഷകാഹാര പരിപാടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ശിവൻകുട്ടി: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സ്കൂൾ പോഷകാഹാര പരിപാടി ഇപ്പോഴും തുടരുന്നുണ്ടോ; | എ) തുടരുന്നുണ്ട്. |
| ബി) പ്രസ്തുത പരിപാടി നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഇല്ല. |
| സി) പ്രസ്തുത സ്കൂൾ പോഷകാഹാര പരിപാടിയുടെ നടത്തിപ്പു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിക്കാണ്. അതാത് മാസത്തെ മെനു മാസാരംഭത്തിൽതന്നെ നൂൺഫീഡിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. പ്രാദേശിക സാഹചര്യം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കാക്കി വൈവിധ്യമുള്ളതും പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസത്തേക്കും ക്രമപ്പെടുത്തുന്ന രീതിയിൽ മെനു നിശ്ചയിക്കാനും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കുട്ടികൾക്ക് ലഭിക്കേണ്ട കലോറി, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്ക വിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിനു സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ